ഡോക്ടറേറ്റ് എന്ന അശ്ലീലപദം—മലയാളത്തിലെ ഗവേഷണം എന്ന പ്രഹസനം എന്തിന്?

രവിശങ്കർ എസ്. നായർ

ഡോക്ടറേറ്റ് എന്ന അശ്ലീലപദം— മലയാളത്തിലെ ഗവേഷണം എന്ന പ്രഹസനം എന്തിന്?

രവിശങ്കർ എസ്. നായർ
(മലയാളം: ലേഖനം)

© 2023, Ravisankar S. Nair

The electronic versions are released under the provisions of Creative Commons Attribution ShareAlike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Reading by Candlelight, a painting by Petrus van Schendel (1806–1870). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഡോക്ടറേറ്റ് എന്ന അശ്ലീലപദം— മലയാളത്തിലെ ഗവേഷണം എന്ന പ്രഹസനം എന്തിന്?

മലയാളി എന്ന നിലയ്ക്ക് എനിക്ക് ഏറ്റവും ആത്മനിന്ദ തോന്നിയിട്ടുള്ളത് മലയാളത്തിലെ ഡോക്ടറൽ പ്രബന്ധങ്ങളുടെ ഓപ്പൺ ഡിഫൻസ് വേളകളിലാണ്. എല്ലാവർക്കും മുൻകൂട്ടി എത്തിച്ചിട്ടുള്ള പ്രബന്ധസംഗ്രഹം വള്ളിപുള്ളി വിടാതെ വായിക്കുക എന്നതാണ് ഇതിലെ പ്രധാന ചടങ്ങ്. മൂന്നു വർഷം (പലപ്പോഴും അഞ്ചും അതിലധികവും വർഷം) ഗവേഷണം നടത്തി തയ്യാറാക്കിയ പ്രബന്ധത്തെക്കുറിച്ച് മുപ്പതു മിനിറ്റ് സംസാരിക്കാനായി, എഴുതിത്തയ്യാറാക്കിയ പ്രബന്ധ സംഗ്രഹത്തിന്റെ താങ്ങ് ആവശ്യമില്ലാത്ത ഒരു വിദ്യാർഥിയെയും ഞാൻ കണ്ടിട്ടില്ല. മുൻകൂട്ടി വിതരണം ചെയ്ത പ്രബന്ധസംഗ്രഹം വായിക്കുന്നതിന് എന്താണ് പ്രസക്തി എന്ന് ആരും ചിന്തിക്കാറുമില്ല. കടലാസിൽനിന്ന് കണ്ണെടുക്കാതെ അങ്ങേയറ്റം യാന്ത്രികമായി ഗവേഷകവിദ്യാർഥി പ്രബന്ധസംഗ്രഹം വായിക്കുന്നതു കേട്ടാൽത്തന്നെ മലയാളത്തിലെ ഗവേഷണത്തിന്റെ നിലവാരം എന്തെന്ന് നമുക്കറിയാൻ കഴിയും. ബൗദ്ധികമായ യാതൊരു ഉത്തേജനവും ഗവേഷണത്തിലൂടെ വിദ്യാർഥിക്കു ലഭിച്ചിട്ടില്ല എന്ന് ആ വായനയുടെ ഈണം സാക്ഷ്യപ്പെടുത്തും. തുടർന്ന് പ്രബന്ധ സംഗ്രഹത്തിന്റെ മുക്കും മൂലയും സ്പർശിച്ചുകൊണ്ട് യാതൊരു കഴമ്പുമില്ലാത്ത കുറേ ചോദ്യങ്ങൾ പുറപ്പെടുന്നു. തട്ടിമുട്ടി ഉത്തരം പറയാൻ കഴിയാത്ത ചോദ്യങ്ങൾക്ക് 'ഞാൻ അത് പരിശോധിക്കാം' എന്നൊക്കെയായിരിക്കും മറുപടി. ചില അക്ഷരത്തെറ്റുകൾ, വിട്ടുപോയ ചില റഫറൻസുകൾ തുടങ്ങിയ കാര്യങ്ങൾ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ചെയർപേഴ്സൺ എടുത്തുപറയുകയും ഇതൊക്കെയാണെങ്കിലും മഹനീയവും മാതൃകാപരവുമായ ഗവേഷണപ്രബന്ധമാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇതാണ് ഓപ്പൺ ഡിഫൻസ് എന്ന ചടങ്ങിന്റെ സാധാരണ പാറ്റേൺ. കോവിഡ് കാലത്ത് ഓപ്പൺ ഡിഫൻസുകൾ ഓൺലൈനിലായപ്പോഴാണ് ഇത്തരം നിരവധി ചടങ്ങുകൾക്ക് ഞാൻ മൂകസാക്ഷിയായത്. ഡോക്ടറൽ ബിരുദം നേടാനുള്ള ചടങ്ങ് എന്നതിനപ്പുറം ഗവേഷണത്തിന് പ്രാധാന്യം കല്പിക്കുന്ന പ്രൊഫസർമാർ മലയാളത്തിൽ ഉണ്ടോ? സംശയമാണ്. ചില ഓപ്പൺ ഡിഫൻസുകൾ വലിയ തമാശയാണ്. ഒരു പ്രത്യേക കാലഘട്ടത്തിലെ മാസികകളെക്കുറിച്ചോ മറ്റോ ഗവേഷണം നടത്തിയ ഒരു വിദ്യാർഥിയോട് ഈ കാലഘട്ടം എന്തുകൊണ്ടു തിരഞ്ഞെടുത്തു എന്ന ചോദിച്ചപ്പോൾ, ഞാൻ രേഖീയകാലത്തിൽ വിശ്വസിക്കുന്നില്ല, അതിനാൽ ചോദ്യത്തിന് ഉത്തരം പറയില്ല എന്നായിരുന്നു മറുപടി. (രേഖീയ ഫെല്ലോഷിപ്പിലും രേഖീയ ശമ്പളത്തിലും വിശ്വാസമുണ്ട് എന്നതായിരുന്നു ഒരു ആശ്വാസം!) കുടുംബ പ്രാരബ്ധങ്ങൾ കാരണം ഗവേഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല എന്നും അതിനാൽ ചോദ്യം ചോദിച്ച് തന്നെ വിഷമിപ്പിക്കരുത് എന്നും മറ്റൊരു വിദ്യാർഥി കരഞ്ഞുപറയുകയും ചെയർമാൻ അതിനെ പിന്താങ്ങുകയും ചെയ്തു. ലോകത്ത് എവിടെയെങ്കിലും ഇത്തരം തമാശകൾ നടക്കുമോ? ഗവേഷണ പ്രബന്ധങ്ങളും അവയിലേക്കു നയിക്കുന്ന ഗവേഷണവും ഒക്കെ പുറത്തുപറയാൻ കഴിയാത്തവിധം നിലവാരമില്ലാത്തതുകൊണ്ടാണ് ഓപ്പൺ ഡിഫൻസുകൾ തമാശയായി മാറുന്നത്. മലയാളത്തിന്റെ നിലവാരം എന്നത് വലിയ ഗൗരവമുള്ള വിഷയമായി ആരും കാണുന്നില്ല. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏറ്റവും നിലവാരം കുറഞ്ഞ വിഷയമാണ് മലയാളം. ഞാനിത് പറയുമ്പോൾ മലയാളം അധ്യാപകർ ക്ഷുഭിതരാവുകയും ഞാൻ മലയാളത്തെയും മലയാളം അധ്യാപകരെയും അപമാനിക്കുന്നു എന്ന് ആരോപിക്കുകയും ചെയ്യാറുണ്ട്. പക്ഷേ, വസ്തുനിഷ്ഠമായി തെളിയിക്കാൻ കഴിയുന്ന ഒരു സത്യമാണ് ഇത്.

ഗവേഷണപ്രബന്ധം എന്ന സൂചകം

സർവകലാശാലകളുടെ അക്കാദമിക് നിലവാരത്തിന്റെ സൂചകമായി ഇക്കാലത്ത് ഉയർത്തിക്കാണിക്കുന്നത് നാക്കിന്റെ അക്രഡിറ്റേഷനും ചില റാങ്കിങ്ങുകളുമൊക്കെയാണ്. സ്ഥിതിവിവരക്കണക്കുകളായി പ്രസ്താവിക്കാവുന്ന ചില വിലയിരുത്തലുകളെ ഗുണപരമായ വിലയിരുത്തലുകൾ എന്ന് നാക്ക് വിശേഷിപ്പിക്കുന്നുണ്ടെങ്കിൽപ്പോലും, ഗുണപരമായ യാതൊരു വിലയിരുത്തലും അതിലില്ല; പ്രത്യേകിച്ചും അധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും മേഖലകളിൽ. അതുകൊണ്ടുതന്നെ അക്രഡിറ്റേഷന് മൂല്യമൊന്നുമില്ല. എന്നാൽ നിലവാരത്തിന്റെ മികച്ച ഒരു സൂചകമാണ് ഡോക്ടറൽ പ്രബന്ധങ്ങൾ. മലയാളത്തിലെ ഡോക്ടറൽ പ്രബന്ധങ്ങളെ സംബന്ധിക്കുന്ന ചില വിലയിരുത്തലുകളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഒരു വ്യക്തിയുടെ വിലയിരുത്തലിന് അക്കാദമിക സമൂഹം എന്തു മൂല്യം കല്പിക്കും എന്ന് ചിന്തിക്കുന്നവർക്കായി ചില കാര്യങ്ങൾ: കഴിഞ്ഞ പത്തുവർഷങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് നിരവധി അധ്യാപകരുമായി ഞാൻ ആശയവിനിമയം നടത്തി. ഇങ്ങനെയാണ് ഗവേഷണപ്രബന്ധം രചിക്കേണ്ടത് എന്ന മാതൃകയായി വിദ്യാർഥികൾക്കു മുന്നിൽ വയ്ക്കാൻ തക്ക മികവുള്ള ഒരു പ്രബന്ധം ചൂണ്ടിക്കാണിക്കാനാണ് ഞാൻ അധ്യാപകരോട് ആവശ്യപ്പെട്ടത്. നിരവധി പ്രബന്ധങ്ങൾക്ക് മാർഗനിർദേശം നൽകുകയും അതിലുമധികം പ്രബന്ധങ്ങൾ മൂല്യനിർണയം ചെയ്യുകയും ചെയ്ത അധ്യാപകർക്കാർക്കും അങ്ങനെ ഒരു പ്രബന്ധംപോലും നിർദേശിക്കാനില്ലായിരുന്നു. 'മോശമല്ലാത്ത', 'തരക്കേടില്ലാത്ത' എന്നൊക്കെ വിശേഷിപ്പിച്ച പ്രബന്ധങ്ങളാണ് അധ്യാപകർ ചൂണ്ടിക്കാണിച്ചത്. കേരളത്തിലെ എല്ലാ സർവകലാശാലകളിലെയും പല പ്രബന്ധങ്ങൾ പല കാലയളവിൽ പരിശോധിച്ചതുകൂടാതെ, അധ്യാപകർ നിർദേശിച്ച പ്രബന്ധങ്ങളും ഞാൻ പരിശോധിച്ചു. കൂടാതെ, 'ഭാഷയ്ക്കൊരു ഡോളർ' സമ്മാനം നേടിയ പ്രബന്ധങ്ങളും. വ്യക്തിനിഷ്ഠമായ ഒരു പരിശോധനയായിരുന്നില്ല അത്. പ്രബന്ധങ്ങളുടെ വിലയിരുത്താനായി കേരളത്തിലെ സർവകലാശാലകൾ മാർഗനിർദേശങ്ങളോ വിലയിരുത്തൽ സൂചകങ്ങളോ ഒന്നും ആവിഷ്കരിച്ചിട്ടില്ല എന്ന പ്രശ്നം മറികടക്കാനായി, പ്രബന്ധ മൂല്യനിർണയത്തിന് വിശദമായ ഒരു ചട്ടക്കൂട് തയ്യാറാക്കി അത് മനസ്സിൽവച്ചുകൊണ്ടാണ് ഞാൻ പ്രബന്ധങ്ങൾ പരിശോധിച്ചത്. പ്രശസ്തമായ പല സർവകലാശാലകളിലെ പ്രബന്ധപരിശോധകർക്കു നൽകുന്ന മാർഗനിർദേശങ്ങൾ, പ്രബന്ധങ്ങളുടെ വിലയിരുത്തലിനെക്കുറിച്ചുള്ള ഗവേഷണപഠനങ്ങൾ എന്നിവ ഉപയോഗിച്ചാണ് ഈ ചട്ടക്കൂട് ഞാൻ തയ്യാറാക്കിയത്. (സാഹിത്യഗവേഷണം—സിദ്ധാന്തവും പ്രയോഗവും എന്ന എന്റെ പുസ്തകത്തിൽ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2021) ഈ ചട്ടക്കൂട് ചേർത്തിട്ടുണ്ട്.) നൂറിൽപ്പരം പ്രബന്ധങ്ങൾ പൊതുവായും മുപ്പതോളം പ്രബന്ധങ്ങൾ വിശദമായും ഞാൻ പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയ ചില കാര്യങ്ങളിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ ഗവേഷണത്തിന്റെ നിലവാരം എന്താണ് എന്നതിന്റെ ചില സൂചനകൾ മാത്രമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങളിൽ കേരളത്തിലെ സർവകലാശാലകളിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം ലഭിച്ച പ്രബന്ധങ്ങളിൽ 'മികച്ച പ്രബന്ധം' എന്ന വിശേഷിപ്പിക്കാവുന്ന ഒരെണ്ണംപോലുമില്ല—ഇരുപത്തഞ്ചു വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ ഒരു സർവകലാശാലയ്ക്കും മികച്ച ഒരു പ്രബന്ധം പോലും സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്നതിന്റെ അർഥമെന്താണ്? (മനോജ് കുറൂരിന്റെ 'നാടോടിത്താളങ്ങൾ ആധുനികമലയാള കവിതയിൽ' (2009 എം. ജി. സർവകലാശാല) പോലുള്ള ചുരുക്കം ചില പ്രബന്ധങ്ങളെ ഞാൻ മാറ്റിനിർത്തുന്നു. പാണ്ഡിത്യം, വിശകലനശേഷി, മൗലികമായ തിരിച്ചറിവുകൾ എന്നിവയെല്ലാമുണ്ടെങ്കിലും, സാധാരണമായ ഒരു ഗവേഷണമേഖലയല്ല ഈ പഠനത്തിന്റേത്. സാഹിത്യപഠനം, സംസ്കാര പഠനം, മാധ്യമപഠനം എന്നിങ്ങനെ ഏറ്റവും കൂടുതൽ ഗവേഷണം നടക്കുന്ന മേഖലകളിലെ പ്രബന്ധങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്.) ഇരുപത്തഞ്ചു വർഷത്തെ പ്രോഗ്രസ് കാർഡിൽ മലയാളത്തിന്റെ സ്കോർ പൂജ്യമാണ്.

മികച്ചതൊന്നും സൃഷ്ടിക്കുന്നില്ല എന്നത് ഒരു കാര്യം. പറഞ്ഞെടുക്കാൻ കൊള്ളാത്ത നിലവാരത്തിലുള്ളവയാണ് മലയാളത്തിലെ പ്രബന്ധങ്ങളുടെ ഭൂരിഭാഗവും എന്നതാണ് നമ്മെ ഞെട്ടിക്കുന്ന പ്രശ്നം. ശരാശരി എന്ന വിശേഷിപ്പിക്കാവുന്ന പ്രബന്ധങ്ങൾപോലും വളരെ കുറവാണ്. ഇത് കേരളത്തിലെ അധ്യാപകർക്കും ഗവേഷകർക്കും ഒക്കെ അറിയാവുന്ന ഒരു സത്യമാണ്. ആർക്കും ഇത് ഒരു പ്രശ്നമായി തോന്നുന്നില്ല എന്നതാണ് പ്രശ്നം. ഇങ്ങനെയൊക്കെ ആയാൽ മതി എന്നല്ല, ഇങ്ങനെയേ ആകാവൂ എന്ന് വാശിയുള്ളവരാണ് നമ്മുടെ മലയാളം അധ്യാപകരിൽ കൂടുതലും.

സാമാന്യബോധത്തെ വെല്ലുവിളിക്കുന്ന തിരിച്ചറിവുകൾ

പ്രബന്ധങ്ങളിലെ രീതിശാസ്ത്രപരമായ പ്രശ്നങ്ങളും ഗവേഷണത്തിന്റെ സാങ്കേതിക ചിട്ടകളും ഇവിടെ ചർച്ച ചെയ്യാൻ കഴിയുകയില്ല. എന്നാൽ സാമാന്യബോധമുള്ള ആർക്കും മനസ്സിലാക്കാൻ കഴിയുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം.

> തന്നെ വായനശാലകളും കലാസമിതികളും ഉയർന്നുവന്നു. വായനശാലകളും കലാസമിതികളും പൊതുജനങ്ങളുടെ നിർമ്മിതിയിലും പൊതുബോധരൂപീകരണത്തിലും നിർണ്ണായക സ്വാധീനം ചെലുത്തി.
>
> (37) ദലിത് സമുദായങ്ങൾ (പുലയ, വണ്ണാൻ, ചക്ലിയ, മലയ)കരിവെള്ളൂരിലുണ്ട്. പഞ്ചായത്തിലെ മറ്റുസമുദായങ്ങളെ അപേക്ഷിച്ച് ഈ സമുദായക്കാർ സാമൂഹിക പുരോഗതിയിൽ പിറകിലാണ്.
>
> (38) പത്താംതരം മുതൽ പി.എച്ച്.ഡി വരെയുള്ള വിദ്യാഭ്യാസ യോഗ്യത നേടിയ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. എൻജിനീയറിംഗ്, മെഡിക്കൽ വിദ്യാഭ്യാസം നേടിയവരും, തൊഴിൽ ചെയ്യുന്നവരു മുണ്ട്.
>
> (39) കലാരംഗത്ത് പ്രവർത്തിക്കുന്ന ധാരാളം സ്ത്രീകൾ കരിവെള്ളൂരിലുണ്ട്.

നിഗമനങ്ങൾ, ഉപദർശനങ്ങൾ എന്നൊക്കെയുള്ള തലക്കെട്ടിന് കീഴിൽ, ഗവേഷണത്തിലൂടെ തങ്ങൾക്കുണ്ടായ തിരിച്ചറിവുകൾ അഥവാ തങ്ങളുടെ 'കണ്ടെത്തലുകൾ' പ്രബന്ധരചയിതാക്കൾ അക്കമിട്ട് അവതരിപ്പിക്കാറുണ്ട് മലയാളം പ്രബന്ധങ്ങളിൽ. കരിവെള്ളൂരിന്റെ പ്രാദേശിക ചരിത്രത്തെക്കുറിച്ച് നടത്തിയ ഗവേഷണത്തിലൂടെ കണ്ടെത്തിയ ചില കാര്യങ്ങൾ നോക്കുക:

- പ്രേതപിശാചുക്കളിൽനിന്ന് രക്ഷനേടാൻ ഇരുമ്പ് കൈയിൽ കരുതുന്നു. പ്രസവിച്ച സ്ത്രീക്കും കുഞ്ഞിനുമരികിൽ ഇരുമ്പ് വയ്ക്കുന്നത് ഇത്തരം വിശ്വാസത്തിന്റെ പിൻബലത്താലാണ്.
- കരിവെള്ളൂരിലെ വിദ്യാഭ്യാസ പാരമ്പര്യമുള്ള മറ്റൊരു സമുദായം തിയ്യസമുദായമാണ്.
- ചാലിയ സമുദായക്കാർ കരിവെള്ളൂർ പ്രധാന നഗരമായി കണക്കാക്കുന്നു. അവരുടെ നാലു നഗരങ്ങളിൽ ഒന്നാണ് കരിവെള്ളൂർ.
- പത്താംതരം മുതൽ പി. എച്ച്. ഡി. വരെയുള്ള വിദ്യാഭ്യാസ യോഗ്യത നേടിയ സ്ത്രീകൾ പഞ്ചായത്തിലുണ്ട്. എഞ്ചിനീയറിങ്, മെഡിക്കൽ വിദ്യാഭ്യാസം നേടിയവരും തൊഴിൽ ചെയ്യുന്നവരുമുണ്ട്.
- കലാരംഗത്ത് പ്രവർത്തിക്കുന്ന ധാരാളം സ്ത്രീകൾ കരിവെള്ളൂരിലുണ്ട്. നിർമ്മലാ രവീന്ദ്രൻ, വി. അമ്മിണി തുടങ്ങിയവർ ദലിത് സമൂഹത്തിൽനിന്നും ഉയർന്നുവന്ന കലാകാരികളാണ്.

ഡോക്ടറൽ ഗവേഷണത്തിലൂടെയുണ്ടാകുന്ന ഇത്തരം 'കണ്ടുപിടുത്ത'ങ്ങളെക്കുറിച്ച് ഞാൻ ഒരു ഫേസ്ബുക്ക് കുറിപ്പ് ഇട്ടപ്പോൾ അമേരിക്കയിൽ ജോലി ചെയ്യുന്ന ഒരു സുഹൃത്ത് എന്നെ ഫോണിൽ വിളിച്ചു. ഒരു പ്രബന്ധത്തിൽ ഇങ്ങനെയൊക്കെ എഴുതിവയ്ക്കുമെന്ന് അദ്ദേഹത്തിന് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഞാൻ തമാശ പറയുകയാണ് എന്ന് ഉറപ്പുവരുത്താനാണ് അദ്ദേഹം വിളിച്ചത്. മലയാളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം മനസ്സിലാകാനായി തീസിസുകൾ വായിക്കണ്ട; തീസിസുകളുടെ നിഗമനങ്ങൾ മാത്രം ഒന്നു മറിച്ചുനോക്കിയാൽ മതി. മലയാളം പഠിച്ചാൽ ബുദ്ധി മരവിച്ചുപോകുമെന്നോ, ബുദ്ധി മരവിച്ച പോയവർ മാത്രമേ മലയാളം പഠിക്കൂ എന്നോയുള്ള നിഗമനത്തിൽ മാത്രമേ എത്തിച്ചേരാൻ കഴിയൂ. ഓണത്തിന്റെ സാംസ്കാരിക വിശകലനം നടത്തിയിട്ട് "വിനോദകലകൾ ആസ്വദിക്കുക, ചിരിക്കുക, തിന്നുക, കടിക്കുക, വ്യാപാരം നടത്തുക, മത്സരങ്ങളിൽ പങ്കെടുക്കുക തുടങ്ങിയവയാണ് ഓണാഘോഷപരിപാടികളുടെ പൊതുസവിശേഷത" എന്ന കണ്ടെത്തുന്നതിന്റെ ബുദ്ധിശൂന്യത ഞെട്ടിക്കുന്നതല്ലേ? വരിക്കച്ചക്കനിവേദ്യം, കണ്ണിമാങ്ങ നിവേദ്യം എന്നിവ പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ സംസ്കാര സവിശേഷതകളാണ് എന്ന് ഗവേഷണം ചെയ്ത് സ്ഥാപിക്കുന്ന പ്രബന്ധത്തെക്കുറിച്ച് ആലോചിച്ചു നോക്കൂ. ഇതൊന്നും ഒറ്റപ്പെട്ട ഉദാഹരണങ്ങളല്ല; നമ്മുടെ ഗവേഷണപ്രബന്ധങ്ങളുടെ പൊതുനിലവാരം വ്യക്തമാക്കുന്ന അനവധി പ്രബന്ധങ്ങളിൽ ചിലതു മാത്രമാണ്. ഇനി ഒരു പ്രബന്ധത്തിലെ നോവൽ വിശകലനം കാണുക. "ദ്രുപേഷ് എഴുതിയ വസന്തത്തിലെ പൂമരങ്ങൾ എന്ന നോവലിൽ എഴുപതുകളിലെ തീവ്രവാദപ്രസ്ഥാനവുമായി ബന്ധപ്പെട്ട നിരവധി സംഭവങ്ങൾ സൂചിപ്പിക്കപ്പെടുന്നുണ്ട്. നക്സൽ അനുഭാവികളായ രണ്ടു കൂട്ടുകാരികളിൽ ഒരാൾ കളക്ടറാവുന്നതും മറ്റേയാൾ വിപ്ലവപ്രവർത്തനവുമായി മുന്നോട്ടുപോകുന്നതും ഇരുവരും തമ്മിലുള്ള ആത്മബന്ധങ്ങളാണ് നോവലിന്റെ പ്രമേയം. അതിസാധാരണവും കാല്പനികവുമായ പ്രമേയവും പരിചരണവുമാണ് നോവലിസ്റ്റ് ഈ നോവലിലൂടെ നിർവഹിക്കുന്നത്." ഇത്തരമൊരു ആസ്വാദനക്കുറിപ്പ് എഴുതാൻ കഴിയുന്നതിൽ എട്ടാം ക്ലാസ്സ് വിദ്യാർഥികൾക്കുപോലും അഭിമാനം തോന്നില്ല. (വാക്യഘടനയിലെ തെറ്റുകൾ നോക്കൂ) ഇത്തരം നിരവധി മൂന്നാംതരം വിശകലനങ്ങൾ ഒരു പ്രബന്ധത്തിൽ കാണുമ്പോൾ, രീതിശാസ്ത്രത്തെക്കുറിച്ചോ ഗവേഷണ സംസ്കാരത്തെക്കുറിച്ചോ ഒന്നുമല്ല നാം വ്യാകലപ്പെടേണ്ടത്. നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്തിന് സാമാന്യബോധം തന്നെ ഇല്ലാതായിരിക്കുന്നു എന്ന മാത്രമേ മനസ്സിലാക്കാൻ കഴിയൂ. ഇത്തരം മൂന്നവരിക്കുറിപ്പുകൾ എഴുതിയാൽപ്പോലും നിങ്ങൾക്ക് ഡോക്ടറേറ്റ് കിട്ടും. എന്തിനാണ് ഈ പ്രഹസനത്തിനായി പൊതുപണം ഒഴുക്കുന്നത്? കഴിഞ്ഞ പത്തു വർഷമെങ്കിലുമായി ഞാൻ മലയാളം തീസിസുകൾ വിശകലനം ചെയ്യുകയാണ്. മാത്രമല്ല, മലയാളം ബി. എ., എം. എ. വിദ്യാർഥികൾ എഴുതിയെടുക്കുന്ന ലക്ചർ നോട്ടുകൾ, ചോദ്യപ്പേപ്പറുകൾ, സിലബസുകൾ, പി. എച്ച്. ഡി. മൂല്യ നിർണയ റിപ്പോർട്ടുകൾ എന്നിവയെല്ലാം പരിശോധിക്കാറുണ്ട്. അവസരം കിട്ടുമ്പോഴെല്ലാം ഓപ്പൺ ഡിഫൻസുകളിൽ ഓൺലൈനിൽ പങ്കെടുക്കാറുണ്ട്. നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏറ്റവും നിലവാരം കുറഞ്ഞ വിഷയം മലയാളമാണെന്നതിൽ എനിക്ക് ഒരു സംശയവുമില്ല. ആർക്കും നിഷേധിക്കാനാവാത്ത തെളിവുകൾ മലയാളം തീസിസുകളിൽ നിറഞ്ഞുനിൽക്കുകയാണ്.

എന്തുകൊണ്ട് മലയാളം ഇങ്ങനെ?

മലയാളത്തിന്റെ നിലവാരം ഇങ്ങനെ ആയതിനു പിന്നിൽ സങ്കീർണമായ പല കാരണങ്ങളുമുണ്ട്. മലയാളത്തിൽ നല്ലൊരു നിരൂപണ സംസ്കാരം വളർന്നിട്ടില്ല എന്നതാണ് ഒരു പ്രധാന കാരണം. ആനുകാലികങ്ങൾക്കു വേണ്ടി എഴുതുന്ന പുസ്തകക്കുറിപ്പുകളാണ് നമ്മുടെ നിരൂപണത്തിന്റെ കാതലായ ഭാഗം. ഗൗരവമുള്ള വിശകലനങ്ങളും പഠനങ്ങളും എഴുതുന്നതിൽ പൊതുവേ ഉദാസീനരാണ് നമ്മുടെ നിരൂപകർ. അതുകൊണ്ടുതന്നെ മലയാളത്തിലെ വിഖ്യാത കൃതികളും എഴുത്തുകാരും വിലയിരുത്തപ്പെടുകയോ അവരുടെ കൃതികൾ സൂക്ഷ്മപരിശോധനകൾക്കും വ്യാഖ്യാനങ്ങൾക്കും വിധേയമാവുകയോ ചെയ്യുന്നില്ല. അങ്ങനെയുള്ള വിമർശന സംസ്കാരത്തിന്റെ പിൻബലമില്ലാതെ സാഹിത്യഗവേഷണം സാധ്യമാവുകയില്ല. രണ്ടാമതായി, പാഠപുസ്തകങ്ങൾ ഇല്ലാതെ പഠിക്കേണ്ടിവരുന്ന ഒരു വിഷയമാണ് മലയാള സാഹിത്യം. ഏതെങ്കിലും കാലത്ത് ആരെങ്കിലും എഴുതിയ ലേഖനങ്ങളുടെ ഫോട്ടോക്കോപ്പികൾ ആണ് പല വിഷയങ്ങൾക്കും ലഭ്യമായ പഠനപ്രവം. ഒരു ഉദാഹരണം മാത്രം എടുത്തുകാണിക്കാം. ഇംഗ്ലീഷിലുള്ള മൂപ്പത് പാഠപുസ്തകങ്ങളെങ്കിലും കൾച്ചറൽ സ്റ്റഡീസ് മേഖലയിൽ ഞാൻ കണ്ടിട്ടുണ്ട്. മലയാളത്തിലോ? ചില ലേഖന സമാഹാരങ്ങൾ മാത്രമാണ് ഉള്ളത്. പഠനമേഖലയെ സമഗ്രമായി പരിചയപ്പെടുത്തുന്ന പാഠപുസ്തകങ്ങൾ സാഹിത്യപാഠ്യപദ്ധതിയിലെ മിക്ക വിഷയങ്ങൾക്കും ഇല്ല. പാഠപുസ്തകങ്ങൾ എഴുതുക എന്നത് ഉന്നതവിദ്യാഭ്യാസ രംഗത്തെ അധ്യാപകരുടെ പ്രധാന അക്കാദമിക ധർമമാണ്. നോവൽ, ചെറുകഥ, കവിത, സാഹിത്യസിദ്ധാന്തം, നിരൂപണം എന്നിങ്ങനെയുള്ള മേഖലകളൊക്കെ വിദ്യാർഥികൾ പഠിക്കുന്നത് പാഠപുസ്തകങ്ങളില്ലാതെയാണ്. ഇക്കാരണങ്ങളാൽ നമ്മുടെ വിദ്യാർഥികൾക്കു ലഭിക്കുന്ന വിഷയപരമായ അടിത്തറ ദുർബലമാണ്.

അക്കാദമിക് റൈറ്റിങ് എല്ലാ വിഷയങ്ങളിലും വളരെ പ്രാധാന്യത്തോടെ ഇന്ന് ലോകമെമ്പാടും പഠിപ്പിക്കുമ്പോൾ, ആലേഖനശേഷികൾ പരിശീലിപ്പിക്കാനാവില്ലെന്ന യാഥാസ്ഥിതിക മനോഭാവമാണ് ഇവിടത്തെ അധ്യാപകർക്ക് ഇന്നുമുള്ളത്. ചിന്തയുടെയും വിശകലനത്തിന്റെയും ഭാഷ കാണാൻ കഴിയില്ല എന്ന മാത്രമല്ല, അങ്ങേയറ്റം മോശമായ ഭാഷയാണ് കൂടുതൽ പ്രബന്ധങ്ങളിലും. നല്ല മലയാളം, എഴുത്ത് നന്നാക്കാം എന്നിങ്ങനെയുള്ള പേരുകളിൽ വിറ്റഴിയുന്ന പുസ്തകങ്ങൾ ആശയങ്ങൾ എങ്ങനെ വ്യക്തമായും ശക്തമായും അവതരിപ്പിക്കാം എന്നല്ല ചർച്ച ചെയ്യുന്നത്. ക്രമീകരണം എന്ന് എഴുതാൻ പാടില്ല, ക്രമവത്കരണം എന്ന് എഴുതണം; ശില്പം എന്ന് എഴുതിയാൽ 'ശില' യുമായുള്ള ബന്ധം ഇല്ലാതായിത്തീരും അതിനാൽ ശില്പം എന്ന തന്നെ എഴുതണം. ഇത്തരത്തിലുള്ള വരട്ടുവ്യാകരണ നിയമങ്ങളാണ് എഴുത്തു നന്നാക്കാനായി ഈ രചയിതാക്കൾ ഉപദേശിക്കുന്നത്. എഴുത്തിന്റെ ലക്ഷ്യം ആശയവിനിമയമല്ല പഴഞ്ചൻ വ്യാകരണ നിയമങ്ങളെ നിലനിർത്തലാണ് എന്നാണ് ഇവരുടെ മതം. എഴുത്തിനെക്കുറിച്ച്, പ്രത്യേകിച്ചും അക്കാദമിക ലേഖന രചനയെക്കുറിച്ച് ചർച്ചയും ചിന്തയും ഒന്നും കേരളത്തിൽ നടക്കാറില്ല. ഇത് പ്രബന്ധരചനയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഘടനയും ചിട്ടയും ഇല്ലാത്ത പ്രബന്ധങ്ങളും, ലക്ഷ്യവും മാർഗവും ഇല്ലാത്ത എഴുത്തും നമ്മെ ഞെട്ടിക്കും. ഗവേഷണമെന്നാൽ അടിക്കുറിപ്പുകളും റഫറൻസുകളും അടങ്ങിയിട്ടുള്ള ദീർഘമായ ഉപന്യാസമാണ് എന്ന ചിന്ത നിലനിന്നിരുന്ന കാലത്ത് എഴുത്തിന്റെ ചിട്ട, ആശയ ക്രമീകരണം, വാക്യഘടന എന്നിവയെക്കുറിച്ച് അധ്യാപകർക്കും ഗവേഷകർക്കും മെച്ചപ്പെട്ട തിരിച്ചറിവുണ്ടായിരുന്നു. ഇന്ന് ഇത്തരം അറിവുകളില്ല എന്ന മാത്രമല്ല, പ്രബന്ധം എഡിറ്റ് ചെയ്യുന്നതും പ്രൂഫ് തിരുത്തുന്നതും പോലും ആവശ്യമില്ലാതായിത്തീർന്നിരിക്കുന്നു. മലയാളം എം. എ. കഴിഞ്ഞുവരുന്ന ഒരാൾക്ക് നല്ല മലയാളമെഴുതാനുള്ള പരിശീലനം പോലും ലഭിക്കുന്നില്ല എന്നതാണ് വാസ്തവം.

കാലടി സർവകലാശാലയും ഗവേഷണത്തിന്റെ നിലവാരത്തകർച്ചയും

പലപല കാരണങ്ങൾ കണ്ടെത്താൻ കഴിയുമെങ്കിലും, മലയാളത്തിലെ ഗവേഷണവും ഗവേഷണപ്രബന്ധങ്ങളും നിലവാരത്തകർച്ചയുടെ പടുകുഴിയിൽ വീണതിനു പ്രബലമായ ഒരു കാരണമുണ്ടെങ്കിൽ അത് കാലടിയിലെ ശ്രീശങ്കര സംസ്കൃത സർവകലാശാലയാണ്. വിഖ്യാതനായ പ്രഭാഷകനും എഴുത്തുകാരനുമായ സുനിൽ പി. ഇളയിടത്തിൽ നിന്നാണ് ഇതിന്റെ തുടക്കം. സുനിലിന്റെ ഡോക്ടറൽ പ്രബന്ധം മാതൃകയാക്കിക്കൊണ്ട് ആദ്യം കാലടിയിലെ ഒരു സംഘം അധ്യാപകരും പിന്നീട് മറ്റു സർവകലാശാലകളിലെ അധ്യാപകരും ആശയരാഹിത്യത്തെ ഭാഷാപരമായ നാട്യം കൊണ്ടു മറച്ചുവയ്ക്കുന്ന ഒരു വ്യാജ അക്കാദമിക വ്യവഹാരഭാഷ കേരളം മുഴുവൻ വ്യാപിപ്പിച്ചു. ഒരു പ്രബന്ധസംഗ്രഹത്തിലെ അവസാനവാക്യത്തിലൂടെ ഇത് ഉദാഹരിക്കാം.

"വിശകലനങ്ങളിലൂടെ ഉരുവംകൊണ്ട തെളിച്ചങ്ങളെയും നിഗമനങ്ങളെയും ക്രോഡീകൃത രൂപത്തിൽ അവതരിപ്പിക്കുകയാണ് ഉപസംഹാരത്തിൽ ചെയ്യുന്നത്."

'ഉപസംഹാരത്തിൽ നിഗമനങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു' എന്ന് ലളിതമായി പറയാവുന്ന കാര്യമാണ് നാട്യത്തിലൂടെ ഇങ്ങനെ പെരുകി വലുതായിരിക്കുന്നത്. ഈ ഭാഷയാണ് ഇന്നത്തെ വിദ്യാർഥികൾ എഴുതുന്നത്. (പലരും സംസാരിക്കുന്നതു പോലും ഇങ്ങനെയാണ്!) ഈ ഭാഷ എങ്ങനെ ഉണ്ടായി എന്നറിയണമെങ്കിൽ സുനിൽ പി. ഇളയിടം എഴുതുന്നത് വായിച്ചാൽ മതി. ഒരു ഉദാഹരണം ഇതാ:

"മറ്റെല്ലാ മഹാഖ്യാനങ്ങളും മരിച്ച മണ്ണടിഞ്ഞെന്ന് തെളിയിക്കാൻ കഴിഞ്ഞാലും ചൂഷണമെന്ന മഹാഖ്യാനം ഇപ്പോഴും അഭംഗുരം തുടരുന്നുണ്ട്. നിശ്ചയമായും അത് പഴയ രൂപങ്ങളിൽ മാത്രമല്ല ജീവിക്കുന്നത്. അധ്വാനത്തിനുമേലുള്ള മൂലധനത്തിന്റെ ചൂഷണം ഇപ്പോഴുമുണ്ട്; പഴയതിനേക്കാൾ ശക്തമായി. ഒപ്പം പ്രകൃതിക്കുമേൽ, സ്ത്രീകൾക്കുമേൽ, ജാതി-വർണ്ണവിഭാഗങ്ങൾക്കുമേൽ, മത-ലൈംഗിക ന്യൂനപക്ഷങ്ങൾക്കുമേൽ എല്ലാം നാനാതരം ചൂഷണങ്ങൾ അരങ്ങേറുന്നുണ്ട്. പുതിയ രൂപങ്ങളിൽ. പുതിയ ഭാവങ്ങളിൽ. അതുകൊണ്ടുതന്നെ സമരങ്ങളും പുതിയ രൂപങ്ങളിലാണ്. ചൂഷകരും ചൂഷിതരുമെന്ന നിലയിൽ മനുഷ്യവംശം വിഭജിതമായി ഇടരുകയാണ്. ഈ തുടർച്ച കൊണ്ടുതന്നെയാണ് വർഗവൈരുധ്യങ്ങളുടെ പുതിയ ക്രമങ്ങൾ പിറവിയെടുക്കുന്നത്; പുതിയ രൂപങ്ങളിൽ വർഗസമരം തുടരുന്നതും."

'ചൂഷണങ്ങൾ പുതിയ രീതികളിൽ തുടർന്നുകൊണ്ടിരിക്കുന്നു; അതിനാലാണ് വർഗസമരങ്ങൾ തുടരുന്നതും' എന്ന് ഏഴ് വാക്കുകളിൽ പറയാവുന്ന കാര്യമാണ് 59 വാക്കുകളിൽ സുനിൽ പറയുന്നത്. വലിച്ചുനീട്ടലും ചുറ്റിക്കെട്ടിപ്പറയലും ഒരു വശത്ത്; വായിക്കുന്നവരെ അടിച്ചിരുത്താൻ വേണ്ടിമാത്രം ഉപയോഗിക്കുന്ന വാക്കുകളുടെ തിരയടി മറുവശത്ത്. "ബൃഹദ്ഘടനയായ ജനസ്സിനുള്ളിൽ സാധ്യമായ ആവിഷ്കാരം, ജനസ്സിന്റെ ക്രമത്തിനുള്ളിലെ കേവലസ്ഥാനം, സ്വയം പരാമർശകത്വമുള്ള ജൈവവസ്തു, ആത്മാവിൽനിന്ന് അഹന്തയിലേക്കുള്ള ആത്മബോധവിച്ഛേദം, പരമ്പരാഗതസഹൃദയത്വത്തിന്റെ അവശിഷ്ടബലം, ഭാവകേന്ദ്രിതത്വത്തിൽനിന്ന് ജനകീയവത്കരിക്കപ്പെട്ട വായന, ആധുനികതയിലെ പ്രതിഭാവനകളുടെ ഭാവുകത്വപരമായ മൂർത്തീകരണം, പ്രതിനിധാനപരതയിൽനിന്ന് മോചിപ്പിക്കപ്പെട്ട് ബഹുഭാഷിതത്തിലേക്ക് കടത്തിനിർത്തപ്പെട്ട വാക്ക്, സ്വയംപര്യാപ്തമണ്ഡലത്തെ പ്രശ്നവല്ക്കരിക്കുന്ന രൂപപ്രശ്നം, രൂപങ്ങളുടെ ലഘുതരസ്ഥാവരണങ്ങളിൽനിന്ന് കെട്ടിപ്പൊക്കപ്പെടുന്ന ജനസ്സ്, വിഷയിയുടെ ഗ്രാഹ്യതയിൽ കടികൊള്ളുന്ന അറിവ്..." എന്നൊക്കെ വായിക്കുമ്പോൾ ആരും പത്തിമടക്കും. സന്ദർഭവുമായി ബന്ധിപ്പിച്ച് ഇവയെ വായിക്കാൻ ശ്രമിച്ചാൽ മനസ്സിലാകും യാതൊരു കാര്യവുമില്ലാത്ത വാചകമടിയാണെന്ന്. "I see my wife," എന്ന പറയേണ്ടിടത്ത് "I see some sense-data of my wife" എന്ന പറയുന്നതിൽ ആനന്ദം കണ്ടെത്തുന്ന തത്വചിന്തകനെപ്പോലെ, ഇത്തരം വാക്കുകൾ എഴുതുന്നതാണ് ഗവേഷണം എന്ന് വിദ്യാർഥികൾ ധരിച്ചുവെച്ചിരിക്കുന്നു. ഇളയിടത്തിന്റെ തീസിസ് ആധാരമാക്കി അദ്ദേഹം 'ദമിതം' എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയും, മലയാളം അധ്യാപകർ ഇത് തങ്ങളുടെ ബൈബിൾ ആക്കി കൊണ്ടുനടക്കുകയും ചെയ്യുന്നതോടെയാണ് ഈ വ്യാജവ്യവഹാരം മലയാളത്തിൽ വ്യാപിച്ചത്. വിജ്ഞാനം നേടാൻ ആഗ്രഹിക്കുന്നവരെ അതിൽനിന്ന് തടയുക എന്ന അധികാരിവർഗ മനോഭാവമാണ് ദുർഗ്രഹമായ എഴുത്തിന്റെ പ്രധാന കാരണം എന്ന് അക്കാദമിക ലേഖന വിദഗ്ധർ പണ്ടേതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇളയിടത്തിൽ നിന്ന് മലയാളത്തിൽ വ്യാപകമായ മറ്റൊരു അധാർമികത, ഉദ്ധരണികളും പരാവർത്തനങ്ങളും കൊണ്ട് പ്രബന്ധം നിർമിക്കുന്ന രീതിയാണ്. പ്രബന്ധത്തിന്റെ എൺപതും തൊണ്ണൂറും ശതമാനം ഉദ്ധരണികളും പരാവർത്തനങ്ങളും നിറഞ്ഞ നിരവധി പ്രബന്ധങ്ങൾ ഞാൻ വായിച്ചിട്ടുണ്ട് എന്ന പറഞ്ഞാൽ വിശ്വസിക്കാൻ കഴിയുമോ? കടുത്ത പകർപ്പെഴുത്തായി വിലയിരുത്തപ്പെടുകയും, കർശനമായ ശിക്ഷാനടപടികളിലൂടെ നേരിടണമെന്ന് യു. ജി. സി. നിർദേശിക്കുകയും ചെയ്ത ഈ എഴുത്തുരീതികൾ അത്യന്താധുനിക ഗവേഷണമാതൃകകളായി കാലടിയിലെ അധ്യാപകർ ഇന്നും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം, സംസ്കാര പഠനം എന്നതിനെക്കുറിച്ച് വികലമായ ധാരണകളും അവർ പരത്തി. പ്രാദേശിക ചരിത്രമാണ് സംസ്കാര പഠനമായി ഇവർ പറഞ്ഞുറപ്പിച്ചത്. വെറും ഡേറ്റ കളക്ഷനായിരുന്ന ഇവരുടെ പ്രാദേശിക ചരിത്രം. ഒരു പ്രദേശത്ത് ഇത്ര ട്യൂട്ടോറിയൽ കോളേജുകളുണ്ടെന്നും, എത്ര പേർ എസ്. എസ്. എൽ. സി. പാസ്സായിട്ടുണ്ടെന്നും ഒക്കെ കണ്ടെത്തിയ പ്രാദേശിക ചരിത്രപ്രബന്ധങ്ങൾ ആരെയും ഞെട്ടിക്കും. ഇതെല്ലാം കാലടിയിൽ ആരംഭിക്കുകയും ക്രമേണ മറ്റു സർവകലാശാലകളിലേക്കു വ്യാപിക്കുകയും ചെയ്ത തട്ടിപ്പുകളാണ്. എന്തും എഴുതാം എങ്ങനെയും എഴുതാം എന്ന ഇന്നത്തെ അവസ്ഥയിൽ മലയാളത്തെ എത്തിച്ചതിൽ സുനിൽ പി. ഇളയിടവും കാലടി സർവകലാശാലയും വഹിച്ച പങ്ക് തിരിച്ചറിയുന്നിടത്തുനിന്നു മാത്രമേ മലയാള ഗവേഷണത്തിന് കരകയറാൻ പറ്റുകയുള്ളൂ.

മലയാളവും വേണ്ട, ഗവേഷണവും വേണ്ട—ഡോക്ടറേറ്റ് മതി

> 1. ആദ്യകാലാധുനികതയെയും പിൽക്കാലാധുനികതയെയും സത്താപരമായി വേർപ്പെടുത്തി സ്ഥാനപ്പെടുത്തുവാൻ കഥയുടെ സന്ദർഭത്തിലും സാധ്യമല്ല.
> 2. കവിതയെപ്പോലെ തന്നെ ആധുനികതാവാദത്തിന്റെ പൊതുയുക്തിക്കകത്തുള്ള രണ്ടു തരം പ്രകാരങ്ങളായിരുന്നു ഈ കാലത്തെ കഥ.
>
> 349
>
> 3. എന്നാൽ കവിതയിൽ നിന്നു വ്യത്യസ്തമായി 'കഥാസാഹിത്യം' ഒരു ഗ്രന്ഥമെന്ന നിലയിൽ വ്യത്യസ്തമാണ് ബഹുസ്വരവും സംവാദാത്മകവുമായ (Polyphonic & Dialogic) രൂപഘടനയാണ് കഥയുടേത്.

നമ്മുടെ അധ്യാപക സമൂഹത്തിന് ഇതൊന്നും പ്രശ്നമേയല്ല. എന്തു ചവറ് എഴുതിക്കൊണ്ടുവന്നാലും ഒപ്പിട്ടുകൊടുക്കുന്ന ഗവേഷണ മാർഗദർശികളും, എന്ത് എങ്ങനെ എഴുതിയാലും ഗംഭീരം എന്നു വിശേഷിപ്പിച്ചുകൊണ്ട് ഡോക്ടറേറ്റ് ബിരുദം നൽകാൻ ശുപാർശ ചെയ്യുന്ന പരിശോധകരും, ഓപ്പൺ ഡിഫൻസ് വെറും പ്രഹസനമാക്കുന്ന ഗവേഷക സമൂഹവും ഒക്കെ ചേർന്ന് ഗവേഷണത്തെയും പ്രബന്ധരചനയെയും ലജ്ജാകരമായ ഒന്നാക്കിമാറ്റിക്കഴിഞ്ഞു. ഇവരാണ് നമ്മുടെ യുവജനതയെ പഠിപ്പിക്കുന്നത്, ഇവരാണ് ഗവേഷണ രീതിശാസ്ത്രം പ്രസംഗിക്കുന്നത്. ഈ അവസ്ഥ തുടരേണ്ടത് ഈ അധ്യാപക സമൂഹത്തിന്റെ ആവശ്യമാണ്. ഫാക്കൽറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം എന്ന പേരിൽ 75000 രൂപ ശമ്പളത്തോടുകൂടി രണ്ടു മുതൽ മൂന്നു വർഷം വരെയും ഫെലോഷിപ്പോടുകൂടി രണ്ടു തൊട്ട് അഞ്ചു വർഷം വരെയും ഗവേഷണം നടത്താം. ഇങ്ങനെ മാസംതോറും നല്ലൊരു തുക കൈപറ്റി അഞ്ചു വർഷം വരെ കാര്യമായ പണി ചെയ്യാതെ നടക്കുകയും, അവസാനം കോതയ്ക്കു വായിൽത്തോന്നിയ പാട്ട് എഴുതി, അക്ഷരത്തെറ്റുകൾ പോലും തിരുത്താതെ പ്രബന്ധമായി സമർപ്പിച്ച് ഡോക്ടറേറ്റ് വാങ്ങാനും, അതിന്റെ പേരിൽ ഇതുപോലെത്തന്നെയുള്ള ഗവേഷണത്തിനു മാർഗനിർദേശം നൽകാനും, പ്രമോഷൻ വാങ്ങാനും, കഴിയുക എന്നത് എല്ലാവർക്കും കിട്ടുന്ന ഭാഗ്യമല്ലല്ലോ. ഗവേഷണം ലജ്ജാകരമായ ഈ നിലയിൽ തുടരുക എന്നത് മലയാളം അധ്യാപക സമൂഹത്തിന്റെ ആവശ്യമാണ്. വിമർശനങ്ങൾ ഉയരുമ്പോൾ, എല്ലാ വിഷയങ്ങളും ഇങ്ങനെത്തന്നെയാണ് എന്ന ന്യായീകരണം നിർമിച്ച് സ്വയം ആശ്വസിപ്പിക്കുകയാണ് അവർ. മറ്റൊരു വിഷയത്തിനും ഇത്ര മോശമായ നിലവാരം ഇല്ല എന്നതാണ് വാസ്തവം. മറ്റു വിഷയങ്ങളിൽ നല്ല ഗവേഷണം എവിടെയെങ്കിലുമൊക്കെ നടക്കുന്നുണ്ട്. മലയാളത്തിലോ? ഇവിടെയില്ലാത്ത നിലവാരം എവിടെയുണ്ടാകും? ഇതൊന്നും വിദൂരമായിപ്പോലും നമ്മുടെ അധ്യാപകരെ അലട്ടുന്നില്ല. തങ്ങളുടെ വാട്ട്സ്ആപ്പ് കൂട്ടായ്മയിലെ ചർച്ചകൾ എങ്ങനെ പുറത്തറിയുന്നു എന്നതാണ് അവരുടെ വലിയ സൈദ്ധാന്തിക പ്രശ്നം. ശ്രദ്ധേയമായ നേട്ടമൊന്നുമുണ്ടാക്കാത്ത ഉപരിപ്ലവമായ ഒരു പ്രസ്ഥാനമായി കഴിയുന്ന കാലത്തുപോലും, ലജ്ജാകരം എന്ന് ആരും മലയാള ഗവേഷണത്തെ വിശേഷിപ്പിക്കുമായിരുന്നില്ല. ഇന്നോ ഡോക്ടറേറ്റ് എന്നത് ഒരു അശ്ലീലപദമായിത്തീർന്നിരിക്കുന്നു. മലയാളവും വേണ്ട, ഗവേഷണവും വേണ്ട നമ്മുടെ അധ്യാപകർക്ക്; ഈ അശ്ലീലപദം മതി.

□

രവിശങ്കർ എസ്. നായർ

സാഹിത്യനിരൂപകനും ഭാഷാശാസ്ത്രജ്ഞനും.

കേരളസർവകലാശാലയിൽ നിന്ന് ഭാഷാശാസ്ത്രത്തിൽ എം. എ. ഡോക്ടറേറ്റ് ബിരുദങ്ങൾ നേടിയ ശേഷം ഗവേഷണ-അധ്യാപന രംഗത്ത് മുപ്പതിലേറെ വർഷങ്ങൾ പ്രവർത്തിച്ചു. ഇപ്പോൾ ഓക്സ്ഫോർഡ് യൂണിവേർസിറ്റി പ്രസ്സിന്റെ ലാംഗ്വേജ് കൺസൾട്ടന്റും മലയാളം-ഇംഗ്ലീഷ് ഓൺലൈൻ നിഘണ്ടുവിന്റെ ചീഫ് എഡിറ്ററും ആണ്. കേരള കേന്ദ്ര സർവകലാശാല, യെമെനിലെ യൂണിവേർസിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്നിവടങ്ങളിൽ ഭാഷാശാസ്ത്രം അസോസിയേറ്റ് പ്രൊഫസ്സർ ആയിരുന്നു. അതിനു മുൻപ് ദ്രാവിഡ ഭാഷാ ഗവേഷണ കേന്ദ്രം, എസ്. സി. ആർ. ടി., മൈസൂറിലെ സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

മലയാളത്തിന്റെ രൂപഘടനയും വാക്യഘടനയും, കേരളത്തിലെ ആദിവാസി ഭാഷകൾ, സംസ്കൃതത്തിലെ ദ്രാവിഡ പദങ്ങൾ, മലയാള ഭാഷാബോധനം, ഗവേഷണ രീതിശാസ്ത്രം എന്നീ മേഖലകളിലാണ് പ്രധാനമായും പ്രവർത്തിച്ചിട്ടുള്ളത്. ഭാഷാശാസ്ത്രം, സാഹിത്യനിരൂപണം, വിദ്യാഭ്യാസം എന്നീ വിഷയങ്ങളിലായി 15 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഷാഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച കേരളഭാഷാ നിഘണ്ടുവിന്റെ അസിസ്റ്റന്റ് എഡിറ്ററും, ദ്രാവിഡ ഭാഷാകേന്ദ്രം പ്രസിദ്ധീകരിച്ച മൂന്നു വാല്യങ്ങളുള്ള Dravidian Encyclopedia-യുടെ അസോഷ്യേറ്റ് എഡിറ്ററും ആയിരുന്നു. 2013-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിരൂപണത്തിനുള്ള ഡോ. കെ. എം. ജോർജ് പുരസ്കാരം നേടി.

പ്രധാന രചനകൾ

- സാഹിത്യഗവേഷണം—സിദ്ധാന്തവും പ്രയോഗവും
- ഭാഷയും ഭാഷാശാസ്ത്രവും
- വാക്യദർശനം
- Malayalam—A Descriptive Outline
- Tribal Languages of Kerala
- A grammar of Malayalam
- Malayalam Tutor
- പി. ഒരു പുനർവായന
- ശിരോലിഖിതത്തിന്റെ കാർബൺ പതിപ്പുകൾ
- ഹാസ്യത്തിന്റെ രസതന്ത്രം
- പാഠ്യപദ്ധതി സിദ്ധാന്തം
- മാർക്സിയൻ വിദ്യാഭ്യാസ ദർശനം
- പാഠാസൂത്രണം

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014